**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3287** **08-10-2025 - ൽ മറുപടിയ്ക്ക്**

**നെടുമ്പ്രക്കാട് - വിളക്കുമരം പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിലെ നെടുമ്പ്രക്കാട് - വിളക്കുമരം പാലം നിർമ്മാണം പൂർത്തീകരിച്ചെങ്കിലും അപ്രോച്ച് റോഡ് തകർന്ന് കിടക്കുന്നതുമൂലം ഉദ്ഘാടനം നടക്കാതിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നെടുമ്പ്രക്കാട് പാലത്തിന്റെ വിളക്കുമരം ഭാഗത്തിന്റെ അപ്രോച്ച് റോഡ് നിലവിൽ ഗ്രാമീണ റോഡാണ്. ഈ റോഡിന് പാലത്തിന് അനുയോജ്യമായ വീതിയില്ല. പാലത്തിന്റെ പൂർണ്ണമായ ഗുണം ഈ പ്രദേശത്തിന് ലഭിക്കുന്നതിന് ഗ്രാമീണ റോഡിന്റെ വീതി കൂട്ടേണ്ടതായുണ്ട്. |
| (ബി) | പാലത്തിന്റെ ഒരു കര പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിന്റെ കീഴിലും മറുകര ഗ്രാമീണ റോഡും ആയതുകൊണ്ട് പുനർനിർമ്മാണം നടക്കാത്ത സാഹചര്യത്തിൽ ഗ്രാമീണ റോഡ് കൂടി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് പാലത്തിലൂടെയുള്ള യാത്ര സുഗമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | നെടുമ്പ്രക്കാട് വിളക്കുമരം പാലത്തിന്റെ നെടുമ്പ്രക്കാട് ഭാഗത്തെ പൊതുമരാമത്ത് വകുപ്പിന്റെ അപ്രോച്ച് റോഡ് സഞ്ചാരയോഗ്യമാണ്. വിളക്കുമരം ഭാഗത്തെ അപ്രോച്ച് റോഡ് ഗ്രാമീണ റോഡാണ്. നിലവിൽ ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ